## പതിനാലാം കേരളനിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം: 3233** **07.11.2019 -ൽ മറുപടിയ്ക്ക്**

**ഭവനനിർമ്മാണ വകുപ്പിന്റെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി.കെ.ബഷീർ :** | **ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാന ഭവന നിർമാണ വകുപ്പ് രൂപീകരിച്ചതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കുമോ; | (എ) സംസ്ഥാനത്തെ ഭവന നിർമ്മാണ വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന സംസ്ഥാനത്തെ വിവിധ വരുമാന വിഭാഗം ജനങ്ങളുടെ പാർപ്പിടാവശ്യങ്ങൾക്ക് തൃപ്തികരമായ പരിഹാരം കാണുന്നതിന് അനുയോജ്യവും, വൈവിദ്ധ്യവുമാർന്ന ഭവന നിർമ്മാണ/പാർപ്പിട പദ്ധതികളും മറ്റും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. കൂടാതെ നിർമ്മിതി കേന്ദ്രം മുഖേന പരിസ്ഥിതിയ്ക്ക് ഇണങ്ങിയതും ചിലവുകുറഞ്ഞതുമായ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യ സമൂഹത്തിൽ പ്രചരിപ്പിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത വകുപ്പ് മുഖേന എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. എൻ.സി.സി നഗർ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ<br>2. കിഴക്കേ ചാലക്കുടി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ<br>3. മുളങ്കുന്നത്തുകാവ് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ<br>4. ഇടപ്പള്ളി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ<br>5. കോഴിക്കോട് ചേവായൂർ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ<br>6. ഇടുക്കി, കട്ടപ്പന വർക്കിംഗ് വിമൻസ് ഹോസ്റ്റൽ<br>7. സർക്കാർ ഉദ്യോഗസ്ഥർക്ക് സർക്കാർ |

ഭൂമിയിൽ ഭവന പദ്ധതി, കാസർഗോഡ്

ഘട്ടം III

8. സർക്കാർ ഉദ്യോഗസ്ഥർക്ക് സർക്കാർ ഭൂമിയിൽ ഭവന പദ്ധതി, കട്ടനെല്ലൂർ

9. ഹരിപ്പാട് റവന്യൂ ടവർ

10. ഇന്നവേറ്റീവ് ഭവന പദ്ധതി പൂജപ്പുര ഘട്ടം III

11. ഇന്നവേറ്റീവ് ഭവന പദ്ധതി പൂജപ്പുര ഘട്ടം IV

12. ചേലന്നൂർ സാഫല്യം ഭവന പദ്ധതി

13. റവന്യൂ ടവർ, കടകംപള്ളി

കൂടാതെ വിവിധ സർക്കാർ, അർദ്ധ സർക്കാർ, സർക്കാരേതര സ്ഥാപനങ്ങളുടെ കൺസൾട്ടൻസി ജോലികൾ ഏറ്റെടുത്ത് നടത്തി വരുന്നുണ്ട്.

ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം വഴി 2018-19 വർഷത്തിൽ പ്രൊമോഷൻ ഓഫ് ഇന്നവേറ്റീവ് ബിൽഡിംഗ് ടെക്നോളജീസ് ആന്റ് ഹൗസിംഗ് ലിറ്ററസി പ്രോഗ്രാം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം 2016-17, 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിലെ പദ്ധതി വിഹിതം ഉപയോഗിച്ച് 538 ലക്ഷം രൂപയുടെ വിവിധ താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1 ആർട്ടിസാൻ ട്രെയിനിംഗ്

2 Kalavara

3 Upgradation of Production Centre

4 പുതിയ ഉത്പാദന കേന്ദ്രം

5 Carpentary Unit

6 Habitat Museum

7 Total Station Training

8 Skill development training for KESNIK staff

9 ഹരിത സാങ്കേതിക വിദ്യ അവബോധന പരിപാടി

10 ലാറി ബേക്കർ അന്താരാഷ്ട്ര പഠന കേന്ദ്രം - അടിസ്ഥാന സൗകര്യ വികസനം

11 ഹരിത സാങ്കേതിക വിദ്യ കാലാവസ്ഥാ വ്യതിയാനം എന്നിവയെപ്പറ്റിയുള്ള പ്രസിദ്ധീകരണങ്ങൾ/ Engineer's hand book

12 ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യയിൽ പൊതുജനങ്ങൾ വിദ്യാർത്ഥികൾ, സാങ്കേതിക വിദഗ്ധർ എന്നിവർക്കുള്ള ഏകദിന ശിൽപ്പശാല

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയിരുന്ന ഗൃഹശ്രീ പോലെയുള്ള പദ്ധതികൾ ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഭവന നിർമ്മാണ ബോർഡിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉണ്ടായിരുന്ന ഗൃഹശ്രീ ഭവന പദ്ധതി ഇപ്പോഴും നിലവിലുണ്ട്. 2017-18, 2018-19 വർഷത്തെ ബജറ്റിൽ ടി പദ്ധതിയ്ക്കായി തുക വകകൊള്ളിച്ചിരുന്നെങ്കിലും തുക അനുവദിച്ചിരുന്നില്ല. 2019-20 സാമ്പത്തിക വർഷത്തെ ടി പദ്ധതിയ്ക്കുള്ള ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് 19/10/2019-ലെ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് തീരുമാന പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായും, എൽ.എസ്.ജി.ഡി അഡീഷണൽ ചീഫ് സെക്രട്ടറിയുമായും ചർച്ച ചെയ്ത് തീരുമാനം എടുക്കാൻ ബോർഡിന് നിർദ്ദേശം നൽകിയിരുന്നു.

(ഡി) ഭവന നിർമ്മാണ ബോർഡ് മുഖേന എന്തെല്ലാം പുതിയ ഭവന നിർമ്മാണ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

(ഡി) ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ ഭവന നിർമ്മാണ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ലൈഫ് മിഷന് കീഴിൽ ഫ്ലാറ്റ് സമുച്ചയം (കണ്ണൂർ ജില്ലയിലെ പട്ടുവത്തും കോഴിക്കോട് ജില്ലയിലെ മുക്കത്തും) EWS ഭവന പദ്ധതി
2. തൃക്കൈപ്പറ്റ EWS ഭവന പദ്ധതി
3. സർക്കാർ ഉദ്യോഗസ്ഥർക്ക് സർക്കാർ ഭൂമിയിൽ ഭവന പദ്ധതി, കാസർഗോഡ് ഘട്ടം IV

Subha S

സെക്ഷൻ ഓഫീസർ